**ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ (എ&റ്റി) നടപടിക്രമം**

വിഷയം:- ആരോഗ്യവകുപ്പ് - ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ നിന്നും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:- 1.സ.ഉ.(സാധാ) നമ്പർ 1662/2017/ആ.കു.വ. തീയതി 14/06/2017
2.സ.ഉ.(സാധാ) നമ്പർ 3546/2018/ആ.കു.വ. തീയതി 02/12/2018
3.സ.ഉ.(സാധാ) നമ്പർ 5/2018/ആ.കു.വ. തീയതി 02/01/2018
4.ഉത്തരവ് നം. ഇ.എസ്.1 958/23 ആ.വ.ഡ. തീയതി.11/6/24

**ഉത്തരവ് നം : ഇ.ജി.2/13554/2023/ആ.വ.ഡ തിയതി : 07-12-2024**

01/11/2007 മുതൽ 31/10/2012 വരെ ഉള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ജീവനക്കാരുടെ പരാമർശം (4) പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിലെ റാങ്ക് നമ്പർ 420 ആയ ജീവനക്കാരനും 588 മുതൽ 589 വരെ ഉള്ള ജീവനക്കാർക്കും ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ മുഖേന ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള ഒഴിവുകളിൽ 37400-79000 ശമ്പള സ്കെയിലിൽ ഇതോടൊപ്പം ചേർക്കപ്പെട്ട അനുബന്ധം 1 പട്ടിക പ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.
സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർക്ക് ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ ഉചിത നിയമനം നൽകേണ്ടതും സ്ഥാനക്കയറ്റം സംബന്ധിച്ച വിവരങ്ങൾ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതും പ്രവേശന വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.
സ്ഥാനക്കയറ്റം മുഖേന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകൾ (നിയമാനുസൃതമായി നീക്കി വയ്ക്കേണ്ടത് ഒഴികെ) ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ അടിയന്തിരമായി പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്ത ശേഷം പ്രസ്തുത വിവരം രേഖാമൂലം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.
മേൽ പരാമർശം (4) സീനിയോറിറ്റി പട്ടിക പ്രകാരമുള്ള ജീവനക്കാരിൽ ഹയർഗ്രേഡ് ആനുകൂല്യങ്ങൾ കൈപ്പറ്റിയിട്ടും പ്രൊമോഷൻ സ്വീകരിക്കാതിരിക്കുന്ന ജീവനക്കാരുടെ ഹയർഗ്രേഡ് ആനുകൂല്യങ്ങൾ തിരിച്ചു പിടിക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്.
ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് പ്രവേശന/വിടുതൽ ആവശ്യങ്ങൾക്കായി ഡൌൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്. ജീവനക്കാരുടെ നിലവിലുള്ള സ്ഥാപനങ്ങൾ മാറിയിട്ടുണ്ടെങ്കിലും ജീവനക്കാരെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിനും വിടുതൽ ചെയ്യുന്നതിനും ഉള്ള നടപടികൾ ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്.

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയുടെ റാങ്ക് ലിസ്റ്റ് കാലാവധി ഉടൻ അവസാനിക്കുന്നതിനാൽ അടിയന്തിരമായി പ്രൊമോഷൻ നടത്തി ഒഴിവ് PSC ക്കു റിപ്പോർട്ട് ചെയ്യുണ്ട സാഹചര്യം ഉള്ളതിനാൽ ഈ ഉത്തരവ് പ്രകാരമുള്ള ഒഴിവുകളിലേക്ക് ലഭ്യമായിട്ടുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റ അപേക്ഷകൾ പരിഗണിക്കുന്ന വേളയിൽ promotion അനുവദിച്ച ജില്ലകൾ പുനഃപരിശോധിക്കപ്പെടുന്നതായിരിക്കും

NB : മേൽ പരാമർശ (4) സീനിയോറിറ്റി പട്ടിക ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്യപ്പെട്ടിരിക്കുന്ന SLP (C ) 12363/18 – ലെ അന്തിമ വിധി ന്യായത്തിന് വിധേയമായിരിക്കുന്നതാണ്.

**Signed by Jayasree V**
**Date: 07-12-2024 15:32:11**

അഡീഷണൽ ഡയറക്ടർ (എ&റ്റി)

സ്വീകർത്താവ്: ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ് :
1.ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)
2.ബന്ധപ്പെട്ട സ്ഥാപനമേധാവിമാർ
3.ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റ്
4.ഫയൽ / കരുതൽ ഫയൽ

അനുബന്ധം

| ക്രമ നമ്പർ | റാങ്ക് നമ്പർ | പേര്, പെൻ | ജനന തീയതി | നിലവിലെ സ്ഥാപനം, ജില്ല | സ്ഥാനക്കയറ്റം മുഖേന അനുവദിച്ച ജില്ല | അഭിപ്രായം |
|---|---|---|---|---|---|---|
| 1 | 412 | പാക്സൺ ജോസ്.V.P 590131 | 26/01/1977 | സി.എച്ച്.സി, കണ്ടക്കടവ് ,എറണാകുളം | കോഴിക്കോട് | |
| 2 | 588 | രാധാകൃഷ്ണൻ.കെ.ജി 237443 | 24/04/1973 | സി.എച്ച്.സി കുമരകം, കോട്ടയം | കണ്ണൂർ | |
| 3 | 589 | ജോസി.എ.സി 304067 | 02/02/1969 | സി.എച്ച്.സി തോളൂർ, തൃശ്ശൂർ | പാലക്കാട് | |

7/12/24

അഡീഷണൽ ഡയറക്ടർ (എ&റ്റി)